പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 464 — 22.03.2018 ൽ മറുപടിക്ക്

## വാണിജ്യ മിഷന്റെ പ്രവർത്തന രൂപരേഖ

ചോദ്യം

ശ്രീ . കെ. സുരേഷ് കുറുപ്പ്
" കെ. കുഞ്ഞിരാമൻ
" കെ.ഡി. പ്രസേനൻ
" കെ. അൻസലൻ

ഉത്തരം

ശ്രീ. എ.സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യവസായ പ്രോത്സാഹനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി നടത്തിയ പ്രവർത്തനത്തോടൊപ്പം വാണിജ്യമേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിനായി രൂപീകരിക്കാനുദ്ദേശിക്കുന്ന വാണിജ്യ മിഷന്റെ പ്രവർത്തന രൂപരേഖ അറിയിക്കാമോ; | (എ)<br>(ബി)<br>&<br>(സി) | വ്യവസായ പ്രോത്സാഹനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി നടത്തുന്ന വിപുലവും സമഗ്രവുമായ പദ്ധതികൾക്കൊപ്പം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വ്യവസായ പ്രദർശന മേളകൾ, മെഷിനറി എക്സ്പോ 2018, IITF (ഇന്ത്യ - ഇൻറർനാഷണൽ ട്രേഡ് ഫെയർ), ദേശീയ അന്തർദേശീയ പരിപാടികൾ, കേരള അഗ്രോ ഫുഡ് പ്രോ, മലബാർ ക്രാഫ്റ്റ് മേള എന്നീ പദ്ധതികൾ നടത്തിവരുന്നു.<br><br>ഓൺ ലൈൻ വ്യാപാരത്തിലൂടെ മാർക്കറ്റിംഗ് വിപുലമാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.<br><br>എസ്.എം.ഇ. പോർട്ടൽ വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ആഗോളതലത്തിലുള്ള വ്യവസായികൾ/ബയർമാർ എന്നിവരുമായി ആശയ വിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എസ്.എം.ഇ പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും. മേൽ പറഞ്ഞിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ആഗോളവത്കരണനയഫലമായുണ്ടാകുന്ന വ്യാപാര രംഗത്തെ കുത്തകവല്ക്കരണത്തെ അതിജീവിക്കുവാൻ സംരംഭകർക്ക് സാധിക്കുന്നതാണ്. |
| (ബി) | സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഓൺലൈൻ വ്യാപാരത്തിലൂടെ മാർക്കറ്റിംഗ് വിപുലമാക്കുന്നതിന് വേണ്ട സഹായം ലഭ്യമാക്കുന്നതിനും വാണിജ്യ വകുപ്പ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | | |
| (സി) | ആഗോളവൽക്കരണ നയഫലമായുണ്ടാകുന്ന വ്യാപാര രംഗത്തെ കുത്തകവൽക്കരണത്തെ അതിജീവിക്കുന്നതിന് ചെറുകിട ഇടത്തരം വ്യാപാരികളെ എപ്രകാരം സഹായിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | |
| (ഡി) | രാജ്യാന്തര വിപണിയിൽ സംസ്ഥാനത്തിന്റെ ഉല്പന്നങ്ങൾക്ക് ഇടം നേടിക്കൊടുക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. ദേശീയ അന്തർ ദേശീയതലത്തിൽ കേരളത്തിലെ വ്യവസായ ഉല്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും അവയ്ക്ക് വിപണി കണ്ടെത്തുന്നതിനുമായി ദേശീയ രാജ്യാന്തര മേളകളിൽ പങ്കെടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് 2015, ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചി ലേമെറീഡിയൻ ഹോട്ടലിലെ ഗൾഫാർ ഇൻറർനാഷണൽ കൺവെൻഷൻ സെൻററിലും, കേരള ബിസിനസ് ടു ബിസിനസ് മീറ്റ് 2016, ഫെബ്രുവരി 4 മുതൽ 6 വരെ നെടുമ്പാശ്ശേരി സിയാൽ എക്സിബിഷൻ സെൻററിലും, വ്യാപാർ 2017(ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്), ഫെബ്രുവരി 2 മുതൽ 4 വരെ കൊച്ചി ബോൾഗാട്ടി പാലസ് & ഐലൻറ് റിസോർട്ടിലും സംഘടിപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**